LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ റോഡ് സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് റഡാർ സർവ്വെയ്ലൻസ് സിസ്റ്റം ഉപയോഗിച്ച് അമിതവേഗം, ചുവപ്പ് ലൈറ്റ് ലംഘനം കണ്ടുപിടിക്കൽ തുടങ്ങിയ നടപടികൾ നടത്തുന്നുണ്ട്. സ്പീഡ് ലിമിറ്റ് എത്രയാണെന്ന് ബോർഡ് അവിടെ വച്ചിട്ടുണ്ട് എന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. ഈയടുത്ത കാലത്താണ് ട്രാൻസ്പോർട്ട് കമ്മീഷണർ അവിടെ സന്ദർശിച്ചതെന്നാണ് ഞാൻ മനസ്സിലാക്കിയത്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചശേഷം സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ചെയ്യാവുന്ന എല്ലാകാര്യങ്ങളും അങ്ങുമായി ആലോചിച്ച് നിർവ്വഹിക്കുന്നതാണ്. ഇവിടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടു പോകും. അവിടത്തെ റോഡ് സുരക്ഷാ ജോലികൾക്കായി റോഡ് സുരക്ഷാഫണ്ടിൽ നിന്ന് 33,40,234 രൂപ അനുവദിച്ചിട്ടുണ്ട്. ആ തുക ഉപയോഗിച്ച് അങ്ങ് നിർദ്ദേശിക്കുന്ന മറ്റു നടപടികൾ കൂടി സ്വീകരിക്കാം.

(3) സൗജന്യ കൊളോസ്റ്റമി കിറ്റ് വിതരണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എന്റെ നിയോജക മണ്ഡലത്തെ ബാധിക്കുന്ന ഏതെങ്കിലും ഒരു പ്രത്യേക വിഷയമല്ല ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. നമ്മുടെയെല്ലാവരുടെയും സഹതാപവും അനുകമ്പയും അർഹിക്കുന്ന ഗൗരവമേറിയ ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ദുരിതങ്ങളുടെ മാറാപ്പു ചുമക്കുന്ന പരശതം ആളുകൾക്ക് റിലീഫ് നല്കുന്ന ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഞാൻ പ്രത്യാശിക്കുകയാണ്. വൻകുടലിൽ ക്യാൻസർ ബാധിച്ചവർക്ക് കൊളോസ്റ്റമി കിറ്റുകൾ സൗജന്യമായി നല്കണമെന്നുള്ളതാണ് എന്റെ ആവശ്യം. വൻകുടലിന്റെ ചില ഭാഗങ്ങളിൽ ക്യാൻസർ ബാധിക്കുമ്പോൾ മലം പുറത്തുപോകാൻ പ്രത്യേകമായി ഉണ്ടാക്കുന്ന ഒരു സംവിധാനമാണ് കൊളോസ്റ്റമി. ഉദരഭിത്തിയുടെ കീഴ്ഭാഗത്ത് ദ്വാരമുണ്ടാക്കി കുടലിന്റെ ഒരു ഭാഗം പുറത്തേക്ക് തുറക്കുന്നു. അതിലൂടെ വരുന്ന മലം പ്രത്യേകമായി സംവിധാനം ചെയ്ത ചെറിയ പ്ലാസ്റ്റിക് ബാഗിൽ ശേഖരിക്കപ്പെടുന്നു. ഇതാണ് കൊളോസ്റ്റമി എന്നു പറയുന്നത്. വൻകുടലിലും മലാശയത്തിലും ക്യാൻസർ ബാധിച്ച രോഗികളിൽ ഭൂരിഭാഗം പേർക്കും ആജീവനാന്തം കൊളോസ്റ്റമി വഴി മലം പുറത്തു കളയേണ്ടിവരുന്നു. രോഗം മാറിയാലും ജീവിതകാലം മുഴുവൻ ശരീരത്തിൽ കൊളോസ്റ്റമി ബാഗ് വച്ചു

നടക്കേണ്ട അവസ്ഥ നമുക്കെല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളൂ. എത്രമാത്രം ദുരിതമാണ് ഇത്തരം ആളുകൾ അനുഭവിക്കുന്നത്. ബാഗിനുള്ള സാമ്പത്തിക ചെലവ് ഇവർക്ക് താങ്ങാൻ കഴിയുകയില്ല. 10 ബാഗുകളുള്ള കൊളോസ്റ്റമി കിറ്റിന് 850 രൂപയാണ് വില. ഒരു കിറ്റ് 15 ദിവസത്തേക്ക് മതിയാകും. ഒരു മാസം 1700 രൂപ വേണം. ഈ രോഗികളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബാധ്യത ഒരിക്കലും താങ്ങാൻ കഴിയുന്നതല്ല. നമ്മുടെ ഗവൺമെന്റ് ഒരുപാട് ജീവകാരുണ്യ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിരവധി രോഗികളെയും നിരാലംബരേയും സഹായിക്കുന്നുണ്ട്. ഈ വിഭാഗത്തിനും സഹായം നല്കണമെന്നതാണ് എന്റെ അപേക്ഷ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഈ രോഗത്തിന്റെ കാര്യം വിശദമായി ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇവിടെ സൂചിപ്പിച്ചു. കൊളോസ്റ്റമി വഴി മലം പുറത്തേക്ക് വരുന്നവർക്ക് രോഗം മാറിയാലും ജീവിതകാലം മുഴുവൻ ശരീരത്തിൽ കൊളോസ്റ്റമി ബാഗ് വയ്ക്കേണ്ട ആവശ്യകതയുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ 2000-ത്തോളം രൂപ പ്രതിമാസം ചെലവു വരുന്നു എന്നുള്ളത് കണക്കാക്കപ്പെട്ടിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടുവഴി കൊളോസ്റ്റമി ബാഗിനുള്ള സാമ്പത്തിക സഹായം ഇപ്പോൾ നിലവിലുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രോഗികൾക്ക് സൗജന്യമായി കൊളോസ്റ്റമി ബാഗ് നല്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(4) സ്റ്റാഫ് നഴ്സുമാരുടെ നിയമനം

ശ്രീ. എ. റ്റി. ജോർജ് : സർ, 2016 നവംബർ മാസത്തിൽ അവസാനിക്കുന്ന പി.എസ്.സി.-യുടെ സ്റ്റാഫ് നഴ്സ് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ആരോഗ്യ രംഗത്ത് ഒരുപാട് കാര്യങ്ങളിൽ നമ്മൾ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും നഴ്സുമാരുടെ കാര്യത്തിൽ മാത്രം 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇന്നും തുടർന്നുവരുന്നത്. ഒരു ഡോക്ടർക്കും രോഗിക്കുമിടയിൽ നിന്നുകൊണ്ട് മാലാഖമാരെപ്പോലെ പ്രവർത്തിക്കുന്നവരാണ് നഴ്സുമാർ. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 583 പേരിൽ 154 പേർക്ക് മാത്രമാണ് ഇതുവരെ നിയമനം ലഭിച്ചിട്ടുള്ളത്. നിയമന ഉത്തരവ് ലഭിക്കുമെന്ന് പ്രതീക്ഷിച്ച് നിരവധി ഉദ്യോഗാർത്ഥികൾ കാത്തിരിക്കുകയാണ്. അവർക്ക് ഇനി ജോലി കിട്ടുന്നതിനു വേണ്ടിയുള്ള അവസരം തന്നെ നഷ്ടപ്പെടുന്ന അവസ്ഥയാണ്. സർക്കാരിന്റെ പുതിയ ആരോഗ്യ നയപ്രകാരം 4:1 എന്ന അനുപാതത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly